I/5363687/2022

"ഭരണഭാഷ- മാതൃഭാഷ"

Break the chain

**കേരള സർക്കാർ**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്

നമ്പർ.സി2/51/2022/ഐ&പിആർഡി തിരുവനന്തപുരം, തീയതി: 24-07-2022

വിജ്ഞാപനം

******************

വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ സംയോജിത വികസന വാർത്താ ശൃംഖല (പ്രിസം) പദ്ധതിയുടെ ഭാഗമായി വകുപ്പ് ഡയറക്ടറേറ്റിൽ കണ്ടന്റ് എഡിറ്റർ പാനലിൽ 2 ഒഴിവുകളും എറണാകുളം ജില്ലയിൽ സബ് എഡിറ്റർ പാനലിൽ ഒരു ഒഴിവും കോട്ടയം ജില്ലയിൽ ഇൻഫർമേഷൻ അസിസ്റ്റന്റ് പാനലിൽ ഒരു ഒഴിവും നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ പാനലിലേക്ക് അർഹരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകന്റെ ഫോട്ടോ, വിദ്യാഭ്യാസ യോഗ്യത, തിരിച്ചറിയൽ രേഖ, പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. 2023 ഫെബ്രുവരി 1 വരെയാണ് പാനലിന്റെ കാലാവധി. തൃപ്തികരമായ നിലവാരം പുലർത്താത്തവരെ പാനലിൽ നിന്ന് ഒഴിവാക്കുന്നതാണ്. എറണാകുളം ജില്ലയിലെ പാനലിൽ ഉൾപ്പെടുന്നതിന് താത്പര്യമുള്ളവർ എറണാകുളം ജില്ലാ ഇൻഫർമേഷൻ ഓഫീസിലും വകുപ്പ് ഡയറക്ടറേറ്റിലെ പാനലിൽ ഉൾപ്പെടുന്നതിന് താത്പര്യമുള്ളവർ സെക്രട്ടേറിയറ്റിലെ സൗത്ത് ബ്ലോക്ക് ഗ്രൗണ്ട് ഫ്ലോറിലുള്ള പ്രസ് റിലീസ് വിഭാഗത്തിലും കോട്ടയം ജില്ലയിലെ പാനലിൽ ഉൾപ്പെടുവാൻ താത്പര്യമുള്ളവർ കോട്ടയം ജില്ലാ ഇൻഫർമേഷൻ ഓഫീസിലും അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ 2022 ആഗസ്റ്റ് 12 തിയതിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ്.

II. യോഗ്യത

ഇൻഫർമേഷൻ അസിസ്റ്റന്റ് : ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസം /പബ്ലിക് റിലേഷൻസ് / മാസ് കമ്മ്യൂണിക്കേഷൻ ഡിപ്ലോമയും. അല്ലെങ്കിൽ ജേർണലിസം / പബ്ലിക് റിലേഷൻസ്/ മാസ് കമ്മ്യൂണിക്കേഷിൽ അംഗീകൃത ബിരുദം. പത്ര ദൃശ്യമാധ്യമങ്ങളിലോ വാർത്താ ഏജൻസികളിലോ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ പബ്ലിക് റിലേഷൻസ് വാർത്താ വിഭാഗങ്ങളിലോ രണ്ട് വർഷത്തെ പ്രവർത്തി പരിചയം ഉണ്ടാകണം.

സബ് എഡിറ്റർ, കണ്ടന്റ് എഡിറ്റർ : ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസം /പബ്ലിക് റിലേഷൻസ് / മാസ് കമ്മ്യൂണിക്കേഷൻ ഡിപ്ലോമയും. അല്ലെങ്കിൽ ജേർണലിസം / പബ്ലിക് റിലേഷൻസ്/ മാസ് കമ്മ്യൂണിക്കേഷിൽ അംഗീകൃത ബിരുദം. ജേർണലിസം ബിരുദാനന്തര ബിരുദക്കാർക്കും അപേക്ഷിക്കാം. പത്ര ദൃശ്യമാധ്യമങ്ങളിലോ വാർത്താ ഏജൻസികളിലോ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ പബ്ലിക് റിലേഷൻസ്

I/5363687/2022

വാർത്താ വിഭാഗങ്ങളിലോ രണ്ട് വർഷത്തെ പ്രവർത്തി പരിചയം

III. പ്രായപരിധി: 35 വയസ്സ് (നോട്ടിഫിക്കേഷൻ നല്കുന്ന തീയതി കണക്കാക്കി)

IV. പരമാവധി പ്രതിമാസ പ്രതിഫലം / ആനുകൂല്യം

സബ് എഡിറ്റർ : 21780/- രൂപ

കണ്ടന്റ് എഡിറ്റർ : 17940/- രൂപ

**തെരഞ്ഞെടുപ്പ് രീതി**

എഴുത്ത് പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്.

24/1/22

എസ് ഹരികിഷോർ ഐ എ എസ്

ഡയറക്ടർ

പകർപ്പ്

ജില്ലാ ഇൻഫർമേഷൻ ഓഫീസർ, എറണാകുളം.

ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കോട്ടയം.

ഇൻഫർമേഷൻ ഓഫീസർ, പ്രസ് റിലീസ്.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ).